(ഇ) നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായിട്ടാണ് സംസ്ഥാനത്ത് ഇപ്പോൾ റീസർവെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്. സർവെ ആന്റ് ബൗണ്ടറീസ് ആക്റ്റ് ആന്റ് റൂൾസിലെ സെക്ഷൻ (3) അനുസരിച്ച് സർവെ ഓഫീസർമാരെ നിയോഗിക്കുന്നു. സെക്ഷൻ (4) അനുസരിച്ച് സർവെ ചെയ്യുവാനുള്ള സ്ഥലം ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തുന്നു. സെക്ഷൻ 6 (1) അനുസരിച്ച് സർവെ ചെയ്യാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അതിർത്തി കാണിച്ചുകൊടുക്കുകയും ആവശ്യമായ സഹായ സഹകരണങ്ങൾ നൽകണമെന്നും അഭ്യർത്ഥിച്ച് ബന്ധപ്പെട്ട സർവെ ഓഫീസർ നോട്ടിഫിക്കേഷൻ നടത്തുന്നു. റീസർവെ പൂർത്തീകരിച്ചശേഷം അതിൽ ബന്ധപ്പെട്ട ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ സമർപ്പിക്കുന്നതിനായി 9 (2) നോട്ടിഫിക്കേഷൻ നടത്തുന്നു. തുടർന്ന് പരാതികൾ പരിഹരിച്ച് സർവെ പൂർത്തിയാക്കി അംഗീകരിച്ച് വിവരം ഗസറ്റിലൂടെ പരസ്യം ചെയ്യുന്നു. (135 നോട്ടിഫിക്കേഷൻ) ഈ പരസ്യത്തിന്റെ ഒരു കോപ്പി ബന്ധപ്പെട്ട വില്ലേജാഫീസിൽ പ്രദർശിപ്പിക്കാറുണ്ട്. റീസർവെ നടപടികൾ എല്ലാം പൂർത്തിയായിവരുന്ന റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നു.

(എഫ്) ഇല്ല. സംസ്ഥാനത്തെ റീസർവെ പ്രവർത്തനം 12 വർഷംകൊണ്ട് പൂർത്തിയാക്കുന്ന ഒരു ആക്ഷൻ പ്ലാൻ 2001-ൽ അംഗീകരിച്ചിട്ടുണ്ട്. ആധുനിക സർവെ ഉപകരണങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്തെ റീസർവെ പ്രവർത്തനം 2013-ൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

മിച്ചഭൂമി അനധികൃതമായി പതിച്ചു നൽകിയ നടപടി

9 [561] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ കുന്ദമംഗലം പഞ്ചായത്തിലെ ചേലൂർ തടായി മിച്ചഭൂമി, നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ അനധികൃതമായി പതിച്ചുനൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥൻമാർക്ക് എതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പരാതിയിന്മേൽ എടുത്ത നടപടി വിശദീകരിക്കാമോ?

ഉത്തരം

(എ) നടപടിക്രമങ്ങൾ പാലിക്കാതെ അനധികൃതമായി പതിച്ചു നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചേലൂർ തടായി മിച്ചഭൂമിയിൽ 40 സെന്റ് സ്ഥലം 27-10-1976-ന് കോഴിക്കോട് ജില്ലാ കളക്ടറുടെ എൽ4-20300/75-ാം നമ്പർ ഉത്തരവുപ്രകാരം ശ്രീമതി ചെവിടൻ കുന്നമ്മൽ അരിക്കൊടി വൈ/ഒ കുട്ടിയമ്മാൻ, നന്മണ്ട എന്നവർക്ക് പതിച്ചുകൊടുത്തത് ആയവർ ഏറ്റെടുക്കാത്തതിനാൽ ടി ഉത്തരവ് 20-2-2003-ൽ റദ്ദാക്കുകയും പ്രസ്തുത 40 സെന്റ് സ്ഥലത്ത് കുടിൽ കെട്ടി താമസിച്ചുകൊണ്ടിരുന്ന പാവപ്പെട്ട ഏഴു കുടുംബങ്ങൾക്ക് 5 1/2 സെന്റു വീതം പതിച്ചു നൽകാനും 1 1/2 സെന്റ് പൊതുവഴിയായി നീക്കിവെയ്ക്കാനും ഉത്തരവായിട്ടുണ്ട്.

(ബി) അനധികൃതമായി പതിച്ചു നൽകിയിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) ഇതു സംബന്ധിച്ച് സർക്കാരിൽ പരാതി ലഭിച്ചിട്ടില്ല. എന്നാൽ ശ്രീ. അച്ചുതൻ മുതൽപേർ ചോദ്യകർത്താവായ ബഹു. എം.എൽ.എ. മുഖാന്തിരം പ്രസ്തുത മിച്ചഭൂമിയിലൂടെയുള്ള പൊതുവഴി തടസ്സപ്പെടുത്തിയത് സംബന്ധിച്ച് ജില്ലാ കളക്ടർക്ക് പരാതി നൽകിയിട്ടുണ്ട്. പരാതിയിന്മേൽ സത്വര നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly